**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1394** **12-02-2025 - ൽ മറുപടിയ്ക്ക്**

**എച്ച്എ.സ്.എ. (ഫിസിക്കൽ സയൻസ്) തസ്തികയുടെ യോഗ്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ മാത്യൂ ടി. തോമസ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | എച്ച്.എസ്.എ. (ഫിസിക്കൽ സയൻസ്) അദ്ധ്യാപക തസ്തികയ്ക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ വിശദമാക്കാമോ; | (എ) | കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അധ്യായം 31, ചട്ടം 2 പ്രകാരം ഹൈസ്കൂൾ അധ്യാപകർക്ക് അതാത് വിഷയത്തിലുള്ള ബിരുദവും ബി.എഡ് ഉം യോഗ്യതയായി നിശ്ചയിച്ചിട്ടുണ്ട്. 06.06.2019 ലെ സ.ഉ.(കൈ) നം.58/2019/പൊ.വി.വ പ്രകാരം, ഫിസിക്സ്/കെമിസ്ട്രി മുഖ്യ വിഷയമായും അതോടൊപ്പം കെമിസ്ട്രി/ഫിസിക്സ് സബ്സിഡിയറി ആയും ബിരുദം നേടിയവരെ മാത്രം എച്ച്.എസ്.എ. (ഫിസിക്കൽ സയൻസ്) തസ്തികയിൽ നിയമിച്ചാൽ മതിയെന്ന് സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ, കെ-ടെറ്റ് കാറ്റഗറി III പാസായിരിക്കണം. |
| (ബി) | ഫിസിക്സ് മുഖ്യവിഷയമായി ബിരുദവും ബിരുദാനന്തര ബിരുദവും ബി.എഡും. നേടിയിട്ടുള്ളവർക്ക് എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് നിയമനത്തിന് അയോഗ്യത ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | 06.06.2019 ലെ സ.ഉ.(കൈ)നം. 58/2019/പൊവിവ നമ്പർ ഉത്തരവ് പ്രകാരം ഫിസിക്സ് / കെമിസ്ട്രി ബിരുദതലത്തിൽ മുഖ്യവിഷയമായും അതോടൊപ്പം കെമിസ്ട്രി / ഫിസിക്സ് സബ്സിഡിയറിയായും പഠിച്ചിട്ടില്ലാത്തവർക്ക് ആ വിഷയങ്ങൾ രണ്ടും ഹൈസ്കൂൾ ക്ലാസ്സുകളിൽ കാര്യക്ഷമമായി പഠിപ്പിക്കാനാവില്ല എന്നതിനാൽ ഫിസിക്സ് / കെമിസ്ട്രി മുഖ്യവിഷയമായും അതോടൊപ്പം കെമിസ്ട്രി / ഫിസിക്സ് സബ്സിഡിയറിയായും ബിരുദം നേടിയവരെ മാത്രം എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്) തസ്തികയിൽ നിയമിച്ചാൽ മതിയെന്ന് ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിന് 06.06.2019 മുതൽ മാത്രമാണ് പ്രാബല്യമുള്ളത്.<br><br>കൂടാതെ 06.06.2019 വരെ ഫിസിക്സ്, കെമിസ്ട്രി എന്നിവയിലേതെങ്കിലും മുഖ്യവിഷയമായോ ഉപവിഷയമായോ പഠിച്ച് ബിരുദം നേടിയവരെയും, 06.06.2019-ന് ഇതേ രീതിയിൽ പ്രസ്തുത കോഴ്സ് പഠിച്ചുവരുന്നവരെയും, 06.06.19-നോ അതിനുള്ളിലോ കെ.ഇ.ആർ അദ്ധ്യായം XIVA റൂൾ 43,51A,51B അവകാശം സിദ്ധിച്ചവരെയും 06.06.2019 ലെ സ.ഉ.(കൈ)നം.58/2019/പൊവിവ |

| | | | |
|---|---|---|---|
| | | | ഉത്തരവിന്റെ പരിധിയിൽ നിന്നും ഒഴിവാക്കി, 08.08.2019 ലെ സ.ഉ.(കൈ)നം. 118/2019/ പൊവിവ, 20.08.2019 ലെ സ.ഉ.(കൈ)നം. 128/2019/പൊവിവ എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. (ഉത്തരവുകൾ അനുബന്ധമായി ചേർക്കുന്നു.) |
| (സി) | അപ്രകാരം അയോഗ്യരായവർക്ക് ബിരുദപഠനത്തിന് സബ്സിഡിയറി ഏത് വിഷയമായിരിക്കണം എന്ന് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ? | (സി) | 06.06.2019 ലെ സ.ഉ (കൈ) നം. 58/2019/ പൊ.വി.വ പ്രകാരം ടി ഉത്തരവ് തീയതി മുതൽ ഫിസിക്സ് മുഖ്യവിഷയമായുള്ള ബിരുദപഠനത്തിന് കെമിസ്ട്രി സബ്സിഡിയറി ആയി പഠിച്ചിരിക്കണം. |

സെക്ഷൻ ഓഫീസർ

File No.GEDN-J3/121/2018-G.EDN

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊവിവ-എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്) തസ്തികയിലേയ്ക്കുള്ള നിയമനം-യോഗ്യത -നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്

സ.ഉ.(കൈ) നം.58/2019/പൊ.വി.വ തീയതി,തിരുവനന്തപുരം, 06/06/2019

പരാമർശം:- 1 എസ്.സി.ഇ.ആർ.ടി ഡയറക്ടറുടെ 11-6-2018 ലെ പ്രോഗ്രാം 2/1647/18/ എസ്.സി.ഇ.ആർ.ടി നമ്പർ കത്ത്.

<u>ഉത്തരവ്</u>

എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്) തസ്തികയുടെ യോഗ്യതയായി ബിരുദ തലത്തിൽ മുഖ്യവിഷയമായ ഫിസിക്സ്/കെമിസ്ട്രി എന്നിവയോടൊപ്പം സബ്സിഡയറി വിഷയങ്ങളായ സ്റ്റാറ്റിസ്റ്റിക്സ്, കമ്പ്യൂട്ടർ അപ്ലിക്കേഷൻ, ഇലക്ട്രോണിക്സ്, മാത്തമാറ്റിക്സ് തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടെയുള്ള ബിരുദം കൂടി പരിഗണിക്കണമെന്ന് ആവശ്യപ്പെട്ട് നിരവധി നിവേദനങ്ങൾ സർക്കാരിന് ലഭിക്കുകയുണ്ടായി. സർക്കാർ ഇക്കാര്യം എസ്.സി.ഇ.ആർ.ടി യുമായി ബന്ധപ്പെട്ട് വിശദമായി പരിശോധിച്ചു.

ഫിസിക്സ്, കെമിസ്ട്രി എന്നിവയിലേതെങ്കിലും ഒന്ന് മുഖ്യവിഷയമായും അതിലേതെങ്കിലും ഒന്ന് സബ്സിഡിയറിയായും ബിരുദം നേടിയവരാണ് കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്) അദ്ധ്യാപകരായി നിയമിതരാകുന്നതും ഹൈസ്കൂൾ ക്ലാസ്സുകളിൽ ഫിസിക്സ്, കെമിസ്ട്രി എന്നീ വിഷയങ്ങൾ പഠിപ്പിക്കുന്നതും. എന്നാൽ ബിരുദതലത്തിൽ ഫിസിക്സ്, കെമിസ്ട്രി ഇവയിൽ ഏതെങ്കിലും ഒന്ന് മെയിനായും എന്നാൽ കെമിസ്ട്രി മെയിനിനോടൊപ്പം ഫിസിക്സോ ഫിസിക്സ് മെയിനിനോടൊപ്പം സബ്സിഡിയറിയായി കെമിസ്ട്രിയോ ഇല്ലാതെ പകരം സ്റ്റാറ്റിസ്റ്റിക്സ്, കമ്പ്യൂട്ടർ സയൻസ്, കമ്പ്യൂട്ടർ അപ്ലിക്കേഷൻ, ഇലക്ട്രോണിക്സ്, മാത്തമാറ്റിക്സ് തുടങ്ങിയ ഏതെങ്കിലും വിഷയങ്ങളോടെയും ബിരുദം നേടിയവർക്ക് ഹൈസ്കൂൾ ക്ലാസ്സുകളിലെ ഫിസിക്സ്, കെമിസ്ട്രി എന്നീ രണ്ടു വിഷയങ്ങളും ഒരേസമയം ഹൈസ്കൂൾ ക്ലാസ്സുകളിൽ പഠിപ്പിക്കാൻ കഴിയാത്ത സാഹചര്യമുണ്ടാകുന്നുണ്ട്.

ഫിസിക്സ് / കെമിസ്ട്രി ബിരുദതലത്തിൽ മുഖ്യവിഷയമായും അതോടൊപ്പം കെമിസ്ട്രി / ഫിസിക്സ് സബ്സിഡയറിയായും പഠിച്ചിട്ടില്ലാത്തവർക്ക് ആ വിഷയങ്ങൾ രണ്ടും ഹൈസ്കൂൾ ക്ലാസ്സുകളിൽ കാര്യക്ഷമമായി പഠിപ്പിക്കാനാവില്ല. ആയതിനാൽ ഫിസിക്സ് / കെമിസ്ട്രി മുഖ്യവിഷയമായും അതോടൊപ്പം കെമിസ്ട്രി / ഫിസിക്സ് സബ്സിഡിയറിയായും ബിരുദം നേടിയവരെ മാത്രം എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്) തസ്തികയിൽ നിയമിച്ചാൽ മതിയെന്ന് ഇതിനാൽ ഉത്തരവാകുന്നു.

ഇതിനകം നിയമിതരായ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് ഈ ഉത്തരവ ബാധകമായിരിക്കില്ല.

**File No.GEDN-J3/121/2018-G.EDN**

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എച്ച്.നജീബ്
ജോയിന്റ് സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ. എസ്.സി.ഇ.ആർ.ടി, തിരുവനന്തപുരം.

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും,

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (ഡിപിഐ മുഖേന)

ഡയറക്ടർ, ഐ.റ്റി @ സ്കൂൾ, തിരുവനന്തപുരം (വെബ് സൈറ്റിൽ

പ്രസിദ്ധീകരിക്കുന്നതിനായി)

പൊതുവിദ്യാഭ്യാസ വകപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും.

ഡയറക്ടർ (വെബ് & ന്യൂ മീഡിയ)/പ്രസ്സ് റിലീസ്, വിവര പൊതുജന സമ്പർക്ക വകപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്:- ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

സെക്രട്ടറിയുടെ പി.എ ക്ക്.

സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊവിവ-എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്)യോഗ്യത ഭേദഗതി- ഉത്തരവ് തീയതി വരെ ബിരുദം നേടിയവരെയും 43,51 എ,51 ബി അവകാശം സിദ്ധിച്ചവരെയും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുവിദ്യാഭ്യാസ (ജെ)വകുപ്പ്**

**സ.ഉ.(കൈ) നം.118/2019/പൊ.വി.വ** തീയതി,തിരുവനന്തപുരം, 08/08/2019

---

പരാമർശം:- 1 സ.ഉ (കൈ) നം. 58/2019/പൊവിവ തീയതി 06-06-2019

2 സ.ഉ (കൈ) നം. 73/2019/പൊവിവ തീയതി 26-06-2019

3 26-7-2019 ലെ എച്ച്(3)/28387/19/ഡി.ജി.ഇ നമ്പരായ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കത്ത്

4 26-7-2019 ലെ പ്രോഗ്രാം4/2992/19/എസ്.സി.ഇ.ആർ.ടി നമ്പരായ എസ്.സി.ഇ.ആർ.ടി ഡയറക്ടറുടെ കത്ത്

**ഉത്തരവ്**

ഫിസിക്സ്/കെമിസ്ട്രി മെയിൻ ആയും അതോടൊപ്പം ഫിസിക്സ്/കെമിസ്ട്രി സബ്സിഡിയറിയായും ബിരുദം നേടിയവരെ മാത്രം കേരളത്തിലെ വിദ്യാലയങ്ങളിൽ എച്ച്.എസ്.ടി ഫിസിക്കൽ സയൻസ് തസ്തികയിൽ നിയമിച്ചാൽ മതിയെന്ന് പരാമർശം ഒന്ന് പ്രകാരം ഉത്തരവായിരുന്നു. ഈ ഉത്തരവിന് 06/06/2019 മുതൽ മാത്രമാണ് പ്രാബല്യമുള്ളതെന്നു പരാമർശം രണ്ട് ഉത്തരവ് പ്രകാരം വ്യക്തമാക്കുകയും ചെയ്തു.

എന്നാൽ പരാമർശം ഒന്ന് ഉത്തരവ് തീയതി വരെ ഫിസിക്സ്, കെമിസ്ട്രി എന്നിവ രണ്ടും കൂടി ഉപവിഷയമല്ലാതെ ബി.എസ്.സി ഫിസിക്സ്, കെമിസ്ട്രി എന്നീ കോഴ്സുകൾ പഠിക്കുകയും ഫിസിക്കൽ സയൻസിൽ ബി എഡ് നേടുകയും ചെയ്തിട്ടുള്ളവർക്ക് എച്ച്.എസ്.ടി ഫിസിക്കൽ സയൻസ് തസ്തികയിൽ നിയമനം ലഭിക്കുന്നതിന് ഈ ഉത്തരവ് സാരമായി ബാധിക്കുമെന്നതിനാൽ അവരെയും, എയ്ഡഡ് സ്കൂളിലെ സ്റ്റാറ്റ്യൂട്ടറി അവകാശികളായ കെ.ഇ.ആർ അദ്ധ്യായം XIV A റൂൾ 43,51 എ, 51 ബി അവകാശികളെയും ഈ ഉത്തരവിന്റെ പരിധിയിൽ നിന്നും ഒഴിവാക്കണമെന്ന അപേക്ഷകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മുകളിൽ പരാമർശിച്ച നാല്,അഞ്ച് റിപ്പോർട്ടുകൾ പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടറും എസ്.സി.ഇ.ആർ.ടി ഡയറക്ടറും നല്കിയ ശുപാർശകൾ അടിസ്ഥാനമാക്കി സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം ഒന്ന് ഉത്തരവ് തീയതിയായ 06.06.19 വരെ ഫിസിക്സ്, കെമിസ്ട്രി എന്നിവയിൽ ഏതെങ്കിലും ഒന്നു മാത്രം ഉപവിഷയമായി പഠിച്ച് ബി.എസ്.സി ഫിസിക്സ്, കെമിസ്ട്രി എന്നീ ബിരുദം

നേടിയവരെയും 06.06.19 –ന് ഇതേ രീതിയിൽ പ്രസ്തുത കോഴ്സ് പഠിച്ചുവരുന്നവരെയും 06.06.19–നോ അതിനുള്ളിലോ കെ.ഇ.ആർ അദ്ധ്യായം XIV A റൂൾ 43,51എ,51 ബി അവകാശം സിദ്ധിച്ചവരെയും പരാമർശം ഒന്ന് ഉത്തരവിന്റെ പരിധിയിൽ നിന്നും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എ.ഷാജഹാന്**

**സെക്രട്ടറി**

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ. എസ്.സി.ഇ.ആർ.ടി, തിരുവനന്തപുരം.

കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (ഡിപിഐ മുഖേന)

ഡയറക്ടർ, ഐ.റ്റി @ സ്കൂൾ, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി

പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും.

ഡയറക്ടർ (വെബ് & ന്യൂ മീഡിയ)/പ്രസ്സ് റിലീസ്, വിവര പൊതുജന സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**പകർപ്പ്**

ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

സെക്രട്ടറിയുടെ പി.എ ക്ക്.

സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ ക്ക്

ഉത്തരവിൻ പ്രകാരം

Signature Not Verified
Digitally signed by GANGA G R
Date: 2019.08.08 15:58:51 IST
Reason: Approved

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ് - എച്ച് എസ് ടി (ഫിസിക്കൽ സയൻസ്) യോഗ്യത ഉത്തരവ് തീയതി വരെ ബിരുദം നേടിയവരെയും 43, 51 എ, 51 ബി അവകാശം സിദ്ധിച്ചവരെയും ഒഴിവാക്കി പുറത്തിറക്കിയ സർക്കാർ ഉത്തരവിൽ - ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു

**പൊതു വിദ്യാഭ്യാസ (ജെ) വകുപ്പ്**

**സ.ഉ.(കൈ) നം.128/2019/പൊ.വി.വ** തീയതി,തിരുവനന്തപുരം, 20/08/2019

പരാമർശം:- 1 സ.ഉ.(കൈ)നമ്പർ.118/19/പൊ.വി.വ, തീയതി 06.06.2019

**<u>ഉത്തരവ്</u>**

മേൽ പരാമർശിച്ച സർക്കാർ ഉത്തരവിലെ അവസാന ഖണ്ഡികയിലെ "ഫിസിക്സ്, കെമിസ്ട്രി എന്നിവയിലേതെങ്കിലും ഉപവിഷയമായി പഠിച്ച് ബി എസ് സി ഫിസിക്സ്, കെമിസ്ട്രി എന്നീ ബിരുദം നേടിയവരെയും" എന്ന് പ്രതിപാദിച്ചിട്ടുള്ളത് ഫിസിക്സ്, കെമിസ്ട്രി എന്നിവയിലേതെങ്കിലും മുഖ്യ വിഷയമായോ ഉപവിഷയമായോ പഠിച്ച് ബിരുദം നേടിയവരെയും എന്ന് തിരുത്തി വായിക്കേണ്ടതാണ്.

പരാമർശിത ഉത്തരവ് ഇപ്രകാരം ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ചിത്ര കെ ദിവാകരൻ**
**അണ്ടർ സെക്രട്ടറി**

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി, തിരുവനന്തപുരം
കേരള, പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും, ജില്ലാ വിദ്യാഭ്യാസ

ഓഫീസർമാർക്കും, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (ഡി.ജി.ഇ മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ് , തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഡയറക്ടർ (വെബ്&ന്യൂമീഡിയ)/ പ്രസ്സ് റിലീസ്, വിവര പൊതുജന സമ്പർക്ക വകുപ്പ്

പൊതു വിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും

കരുതൽ ഫയൽ/ ഓഫിസ് കോപ്പി

പകർപ്പ് :- ബഹു പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി എ ക്ക്

പൊതു വിദ്യാഭ്യാസ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ ക്ക്

ഉത്തരവിൻ പ്രകാരം

Signature Not Verified
Digitally signed by GANGA G R
Date: 2019.08.21 10:15:52 IST
Reason: Approved

സെക്ഷൻ ഓഫീസർ